# നോട്ടീസ്

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് ഓഫിസിന്റെ മുൻഭാഗത്തുള്ള കാർ പോർച്ചിനടുത്തായി അപകടാവസ്ഥയിലുള്ള രണ്ട് ഉയരം കുറഞ്ഞ മരങ്ങളും ഒരു തെങ്ങും മുറിച്ച് മാറ്റുന്നതിനായി കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവായത് പ്രകാരം 28.03.2023 തിയ്യതി 11.00 മണിക്ക് കസബ പോലീസ് സ്റ്റേഷനിൽ വച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്.

**ലേല നിബന്ധനകൾ :-**

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരത ദ്രവ്യമായി 200/- രൂപ (ഇരുനൂറ് രൂപ) അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതും ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശരി വെച്ച ശേഷം ബാക്കി തുക അനുബന്ധ നികുതികൾ സഹിതം അടക്കേണ്ടതുമാണ്. മരങ്ങൾ മുറിച്ച് നീക്കം ചെയ്യുമ്പോൾ ആളുകൾക്കും ഗവൺമെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുക്കൾക്കൊ അപകടമൊ, കേടുപാടുകളൊ സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുന്നതും ആണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 10 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം മാറ്റി വെക്കുന്നതിനും നിർത്തി വെക്കുന്നതിനും ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തിയ്യതിക്ക് അഞ്ച് ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11.00 മണി മുതൽ 17.00 മണി വരെയുള്ള സമയത്ത് കസബ പോലീസ് സ്റ്റേഷൻ റൈറ്ററുടെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

ഇൻസ്പെക്ടർ എസ് എച്ച് ഒ,
കസബ പോലീസ് സ്റ്റേഷൻ,
കോഴിക്കോട് സിറ്റി.

KASABA POLICE STATION
Date: 17/03/23
KOZHIKODE CITY